# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1793 — 06.07.15-ൽ മറുപടിക്ക്

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാക്കുന്ന വേളയിലെ തൊഴിൽ നഷ്ടപരിഹാരം**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ : | | മറുപടി<br>ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : | |
|---|---|---|---|
| (എ) | വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി ദേശീയ പാത, റെയിൽ ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് നീക്കം ചെയ്യപ്പെട്ട ചീനവല, ഊന്നിവല എന്നിവയുടെ ഉടമകൾക്ക് തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടിയെന്തന്ന് വിശദീകരിക്കാമോ; ; നഷ്ടപരിഹാരത്തിന് അർഹരായവർ എത്ര പേരെന്നും ഇതിന് ആവശ്യമായി വരുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടിയുള്ള റെയിൽ, റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ/തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് 2,05,39,735/- രൂപയുടെ നഷ്ടപരിഹാര പാക്കേജാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ് 2 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ 96,19,110/- രൂപയിൽ റെയിൽ കണക്ടിവിറ്റി മുഖാന്തിരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500/- രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലഭിക്കാനുള്ള 68,76,610/- രൂപ ലഭ്യമായിട്ടില്ല. രണ്ടാം ഘട്ടത്തിൽ ക്യാപിറ്റൽ ഡ്രെഡ്ജിംഗ് മൂലമുണ്ടാകുന്ന തൊഴിൽ, തൊഴിലുപകരണങ്ങൾ എന്നിവയുടെ നഷ്ട പരിഹാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലേക്കായി 1,09,20,625/- രൂപയാണ് നഷ്ടപരിഹാര പാക്കേജിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളത്. രണ്ടാംഘട്ട പ്രവർത്തനങ്ങളാരംഭിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്കായി നൽകേണ്ടി തുക കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നാണ് ലഭിക്കേണ്ടത്. 689 പേരാണ് നഷ്ട പരിഹാരത്തിന് അർഹരായവർ 2,05,39,735/- രൂപയാണ് നഷ്ടപരിഹാരത്തുക. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരത്തുക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഒന്നാം ഘട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലഭിക്കാനുള്ള നഷ്ടപരിഹാരത്തുക (68,76,610/- രൂപ) ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | തുക വിതരണം ചെയ്യുന്നതിന് കാലതാമസം എന്തുകൊണ്ടെന്നും ഇക്കാര്യത്തിൽ തടസ്സമുണ്ടെങ്കിൽ എന്തെന്നും വ്യക്തമാക്കാമോ ? | (സി) | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും തുക ലഭ്യമാകാതിരിക്കുന്നതാണ് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രധാന തടസ്സം . |

സെക്ഷൻ ഓഫീസർ